**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** | **09-06-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.പി. സുമോദ്** | | **Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി ഏതെല്ലാം മേഖലകളിലാണ് പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ക്കായി നിലവിൽ വകുപ്പ് നടപ്പാക്കി വരുന്ന വിദ്യാഭ്യാസ – വികസന ക്ഷേമ പദ്ധതികൾ കൂടുതൽ മേഖലകളിലേക്കും ഗുണഭോക്താക്കളി ലേക്കും എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവ സിക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം, അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ബന്ധപ്പെട്ട മേഖലയിൽ കൂടുതൽ വിദഗ്ധ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുക, സ്റ്റാർട്ട് അപ്പ് സംരംഭങ്ങളിലൂടെ പിന്നാക്ക വിഭാഗങ്ങളിലെ പ്രൊഫഷണലുകൾക്ക് മെച്ചപ്പെട്ട തൊഴിൽ ഉറപ്പാക്കി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾ ചെയ്തു വരുന്ന പരമ്പരാഗത തൊഴിലുകൾ അന്യം നിന്ന് പോകാതെ നിലനിർത്തിയും, നൂതന ആശയ ങ്ങളും സാങ്കേതിക വിദ്യകളും പ്രയോഗത്തിൽ വരുത്തി പുതുതലമുറയെ ടി തൊഴിലുകളിലേക്ക് ആകൃഷ്ടരാക്കുക തുടങ്ങിയ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനും താഴെ പറയുന്ന പദ്ധതികളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നു. 1 ഒ.ഇ.സി പ്രീമെട്രിക് ധനസഹായം 2 ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS) 3ഒ.ഇ.സി പോസ്റ്റ്മെട്രിക് ധനസഹായം 4ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS) 5ഓവർസീസ് സ്കോളർഷിപ്പ് 6എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 7അഡ്വക്കേറ്റ് ഗ്രാന്റ് 8പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം 9പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള |

| | | | |
|---|---|---|---|
| | | | ധനസഹായം 10പരമ്പരാഗത ബാർബർ തൊഴിലാളികൾ ക്കുള്ള ധനസഹായം 11ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം 12വിശ്വകർമ്മജർക്കുള്ള പെൻഷൻ 13കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി. കൂടാതെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നോക്ക വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും സമഗ്ര വികസനത്തിനുമായി കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ, ബിസിനസ്സ്, വിദ്യാഭ്യാസം തുടങ്ങി വിവിധ വ്യക്തിഗത വായ്പ കൾക്കും, കുടുംബശ്രീ, സി.ഡി.എസ്/സന്നദ്ധ സംഘടനകൾ മുഖേന സ്ത്രീകളുടെ ഉന്നമന ത്തിനായി മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി കൾക്കും പ്രാമുഖ്യം നൽകി വരുന്നു. |
| (ബി) | പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശ ങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഭവനരഹിതരായ പിന്നാക്ക വിഭാഗക്കാർക്കായി കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന എന്റെ വീട് പദ്ധതി പ്രകാരം എത്ര തുകയാണ് വായ്പയായി നൽകുന്നത്; | (സി) | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വേണ്ടി "എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതിയായി 10 ലക്ഷം രൂപ വായ്പ 7.5% മുതൽ 8% വരെ പലിശ നിരക്കിൽ അനുവദിച്ചുവരുന്നു. |
| (ഡി) | കോർപ്പറേഷന്റെ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളിലെ കുടുംബവാർഷിക വരുമാനപരിധി എത്ര രൂപയാണെന്ന് അറിയിക്കാമോ? | (ഡി) | കോർപ്പറേഷന്റെ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ കുടുംബ വാർഷിക വരുമാനപരിധി ചുവടെ ചേർക്കുന്നു. പദ്ധതിയുടെ പേര് കുടുംബ വാർഷിക വരുമാന പരിധി 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി 3 ലക്ഷം രൂപയിൽ താഴെ 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) 3 ലക്ഷം രൂപയിൽ താഴെ 3. പ്രവർത്തന മൂലധന വായ്പ 3 ലക്ഷം രൂപയിൽ താഴെ 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ 8 ലക്ഷം രൂപയിൽ താഴെ 5. വിദ്യാശ്രീ വായ്പ 3 ലക്ഷം രൂപയിൽ താഴെ 6. വാഹന വായ്പ 8 ലക്ഷം രൂപയിൽ താഴെ 7. റീ-ലൈഫ് വായ്പ 1,20,000/- രൂപയിൽ താഴെ 8. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) 8 ലക്ഷം രൂപയിൽ താഴെ 9. വ്യക്തിഗത വായ്പ 8 ലക്ഷംരൂപയിൽ താഴെ 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 1,20,000/- രൂപയിൽ താഴെ 11. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 3 ലക്ഷം രൂപയിൽ താഴെ |

സെക്ഷൻ ഓഫീസർ